## പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1709** **01-11-2019 ലെ മറുപടിയ്ക്ക്**

**മരട് ഫ്ളാറ്റ് സമുച്ചയങ്ങൾ**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. പി.ടി. തോമസ് :** | **ശ്രീ. എ.സി. മൊയ്തീൻ** (തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി) |
| (എ) തീരദേശ പരിപാലന ചട്ടങ്ങളിലെ നിബന്ധനകൾക്ക് വിരുദ്ധമായി മരടിൽ അഞ്ച് ഫ്ളാറ്റ് സമുച്ചയങ്ങൾ നിർമ്മിക്കുന്നതിന് മരട് പഞ്ചായത്ത് അനുമതി നൽകിയിരുന്നോ; വ്യക്തമാക്കുമോ; | (എ) അനുമതി നൽകിയിരുന്നു. സീനിയർ ടൗൺ പ്ലാനർ വിജിലൻസിന്റെ അന്വേഷണത്തിൽ ക്രമക്കേട് കണ്ടെത്തിയതിനെ തുടർന്ന് ടി അനുമതികൾ റദ്ദാക്കുകയും, ആയതിനെതിരെ കെട്ടിട നിർമ്മാതാക്കൾ ബഹു. കേരള ഹൈക്കോടതിയിൽ ഫയൽ ചെയ്ത വിവിധ വ്യവഹാരങ്ങളുടെ വിധി ന്യായങ്ങളുടെ അടിസ്ഥാനത്തിൽ ടി നിർമ്മാണങ്ങൾ തുടർന്ന് പൂർത്തിയാക്കുകയും ചെയ്തിട്ടുള്ളതാകുന്നു |
| (ബി) സി.ആർ.ഇസഡ്.3 സോണിൽ ഉൾപ്പെടുന്ന പ്രസ്തുത പ്രദേശത്ത് സി.ആർ.ഇസഡ്.2 എന്ന് രേഖപ്പെടുത്തി മരട് പഞ്ചായത്ത് കെട്ടിട നിർമ്മാണത്തിന് അനുമതി നൽകിയിരുന്നോ; എങ്കിൽ ഇപ്രകാരം തെറ്റായ രേഖ നൽകിയതിന് ഉത്തരവാദി ആരാണെന്ന് കണ്ടെത്തിയിട്ടുണ്ടോ, വിശദമാക്കുമോ; | (ബി) സി.ആർ.ഇസൈഡ്. സംബന്ധിച്ച പരിശോധനകൾ നടത്താതെയും, തീരദേശ പരിപാലന സമിതിയുടെ അനുമതി ലഭ്യമാക്കാതെയുമാണ് പ്രസ്തുത നിർമ്മാണാനു-മതികൾ നൽകിയിട്ടുള്ളത്. ഇത് സംബന്ധിച്ച് ക്രൈംബ്രാഞ്ച് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടന്നു വരുന്നു. |
| (സി) ചട്ടലംഘനം ഉണ്ടായ സാഹചര്യത്തിൽ സ്റ്റോപ്പ് മെമ്മോ നൽകുവാൻ മരട് പഞ്ചായത്തിനോട് കേരള ഹൈക്കോടതി നിർദ്ദേശിച്ചിരുന്നോ; എങ്കിൽ പ്രസ്തുത നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്ത് അധികൃതർ കെട്ടിട നിർമമാണങ്ങൾക്ക് സ്റ്റോപ്പ് മെമ്മോ നൽകിയിരുന്നോ; എങ്കിൽ ഓരോ കെട്ടിട നിർമ്മാതാക്കൾക്കും സ്റ്റോപ്പ് മെമ്മോ നൽകിയത് എന്നാണെന്ന് വ്യക്തമാക്കുമോ? | (സി) നിർദ്ദേശം നൽകിയിട്ടില്ലെന്ന് മരട് നഗരസഭ സെക്രട്ടറി അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ